(1)

# വ്യാവസായികപരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: സി1/17397/08

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 21/06/2012

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ഐ.റ്റി.ലിറ്ററസി കോഴ്സ് എസ്.സി.വി.റ്റി യ്ക്കും നിർബന്ധമാക്കുന്നതു-- സംബന്ധിച്ച്.

സൂചന:- 8.3.12 ലെ ഇതേ നമ്പരായ സർക്കുലർ.

* * * * *

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഡി.ജി.ഇ.റ്റി യുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ/പ്രൈവറ്റ് ഐ.ടി.ഐ കളിലും ഐ.ടി ലിറ്ററസി കോഴ്സ് ആഗസ്റ്റ് 2011 മുതൽ പ്രവേശനം നേടിയ ട്രെയിനികൾക്ക് നൽകേണ്ടതാണ് എന്ന് സൂചനയിലെ സർക്കുലർ പ്രകാരം അറിയിച്ചിരുന്നു.

എസ്.സി.വി.റ്റി യുടെ സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും ഐ.ടി.ലിറ്ററസി കോഴ്സ് വിജയിച്ചിരിക്കണം എന്ന് 25.4.12 ൽ നടന്ന എസ്.സി.വി.റ്റി മീറ്റിംഗ് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ സൂചന സർക്കുലറിലൂടെ ആവശ്യപ്പെട്ടിരുന്ന നടപടികൾ എസ്.സി.വി.റ്റി യുടെ കാര്യത്തിലും ബാധകമാണ്. ഈ കോഴ്സ് നടപ്പിലാക്കുന്നതിന്റെ ഉത്തരവാദിത്വം അതാത് ഇൻസ്റ്റിറ്റ്യൂട്ടുകൾക്കാണ്. സംസ്ഥാനത്ത് ഈ വിഷയത്തിൽ ട്രെയിനികളുടെ യോഗ്യത നിശ്ചയിക്കുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനും ആയി DOE ACC നെ Assessing and Cerification Agency യായി നിശ്ചയിച്ചിട്ടുണ്ട്. ഇതിനായി DOE ACC ഓരോ കുട്ടികളിൽ നിന്നുമായി 221/- രൂപ ഈടാക്കുന്നതാണ് I.T.Literacy Course ന്റെ സിലബസ് dget.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇത് സംബന്ധിച്ച് DGET യുടെ നിർദ്ദേശങ്ങളും സിലബസ്സും മറ്റും വകുപ്പിന്റെ വെബ്സൈറ്റ് ആയ det.kerala.gov.in ലും ലഭ്യമാണ്.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്.

To

എല്ലാ സർക്കാർ/ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ് :1. എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും. (സർക്കുലറിന്റെ പകർപ്പ് അതാത് പ്രിൻസിപ്പാൾമാരുടെ പരിധിയിൽ വരുന്ന സ്ഥാപന മേധാവികൾക്ക് നൽകി രസീത് കൈപ്പറ്റേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്).

2. CA to DT, CA to ADT, DD(P), DD(T), JDT, DSA, SS(G), SS(H), JS(F).
3. Website.

B/22/06